1451
28/1/19

# കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - അർബുദ രോഗബാധയെത്തുടർന്ന് ചികിൽസയിലിരിക്കേ മരണപ്പെട്ട ചലച്ചിത്ര സംവിധായകൻ ബി. അജയകുമാറിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (എം.എസ്.) നമ്പർ : **25/2019/റവ.** തിരുവനന്തപുരം, തീയതി, **19.01.2019.**

==========================================

പരാമർശം:- 1. 10.12.2018-ൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാൻ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.

2. ആലപ്പുഴ ജില്ലാകളക്ടറുടെ 18.12.2018-ലെ DCALP/N1/1800/2018 നമ്പർ കത്ത്.

## ഉത്തരവ്

വിഖ്യാത നാടക ചലച്ചിത്രകാരൻ ശ്രീ. തോപ്പിൽ ഭാസിയുടെ മകൻ ശ്രീ. അജയകുമാറിന് അർബുദ രോഗബാധ ചികൽസയെത്തുടർന്ന് ഭീമമായ തുക ചെലവു വന്നതിനാൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കണമെന്നപേക്ഷിച്ചുകൊണ്ട് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാൻ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ സർക്കാർ പരിശോധിക്കുന്നതിനിടയിൽ ശ്രീ. അജയകുമാർ 2018 ഡിസംബർ 13-ന് മരണപ്പെട്ടു.

2. 38-ാമത്തെ വയസ്സിൽ ടിയാന് ഹൃദയസംബന്ധമായ അസുഖമുണ്ടാകുകയും 2010-ൽ ഓപ്പറേഷന് വിധേയനാകുകയും ചെയ്തു. ആയതിന് ഏകദേശം 4 ലക്ഷം രൂപയും പ്രതിമാസം 8000/- രൂപയും ചെലവ് വന്നിരുന്നു. ടിയാന്റെ കുടുംബം താമസിച്ച് വന്നിരുന്ന വീട് 15 വർഷം മുൻപ് എച്ച്.ഡി.എഫ്.സി.-യിൽ നിന്നും 12 ലക്ഷം രൂപാ വായ്പയെടുത്ത് നിർമ്മിച്ചിട്ടുള്ളതാണ്. 2018 ആഗസ്റ്റ് മാസത്തിൽ അർബുദ രോഗബാധിതനാകുകയും തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചികിൽസ തേടുകയും ചികിൽസയിൽ കഴിഞ്ഞ് വരവേ ഹൃദ്രോഗം മൂർച്ഛിക്കുകയും മരണപ്പെടുകയും ചെയ്തു. ടിയാന്റെ കിംസ് ആശുപത്രിയിലെ ചികിൽസയ്ക്കായി 9 ലക്ഷം രൂപയോളം ചെലവ് വന്നതായി പരാമർശം (2) പ്രകാരം ആലപ്പുഴ ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ശ്രീ. തോപ്പിൽ ഭാസിയുടെ കുടുംബം കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ നൽകിയിട്ടുള്ള സംഭാവനകൾ വിലപ്പെട്ടതാണ്. ശ്രീ. അജയകുമാർ "പെരുന്തച്ചൻ" എന്ന സിനിമയിലൂടെ ദേശീയ അവാർഡ് കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

...2/-

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. തോപ്പിൽ ഭാസിയുടെ കുടുംബം കേരളത്തിന്റെ സാമൂഹിക സാംസ്കാരിക മേഖലയ്ക്ക് നൽകിയ സംഭാവനകൾ കണക്കിലെടുത്ത്, ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച്, ശ്രീ. അജയകുമാറിന്റെ അർബുദ രോഗ ചികിത്സക്കായി ആശുപത്രിയിൽ ചെലവായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അജയകുമാറിന്റെ കുടുംബത്തിന് അനുവദിച്ച് ഉത്തരവാകുന്നു. അർബുദ രോഗ ചികിത്സക്കായി ആശുപത്രിയിൽ ചെലവായ തുക എത്രയെന്ന് ജില്ലാകളക്ടർ തിട്ടപ്പെടുത്തി, ബില്ലുകൾ തുടങ്ങിയ ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക വിതരണം ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.എച്ച്. കുര്യൻ,
അഡീഷണൽ ചീഫ് സെക്രട്ടറി.

ജില്ലാ കളക്ടർ, ആലപ്പുഴ
തഹസിൽദാർ, മാവേലിക്കര
ചെയർമാൻ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, ശാസ്തമംഗലം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ ഫണ്ട്സ് വകുപ്പ്.
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K N

സെക്ഷൻ ഓഫീസർ.